ഉത്തരം

(എ) 2018 ജൂലൈ 23 മുതൽ 27 വരെ തലസ്ഥാനനഗരിയിലെ കനകക്കുന്ന് കൊട്ടാരവളപ്പിൽ സംഘടിപ്പിച്ച ദേശീയ കന്നുകാലി-പക്ഷി പ്രദർശനത്തിന്റെയും ഭക്ഷ്യമേളയുടെയും പ്രവേശന ഫീസ് ഇനത്തിൽ ആകെ 14,72,935 രൂപ പിരിഞ്ഞുകിട്ടിയിട്ടുണ്ട്.

(ബി) പ്രസ്തുത മേളയ്ക്ക് ആകെ 1,26,91,935 രൂപ വരവായി ലഭിക്കുകയും 1,19,78,137 രൂപ ചെലവാക്കുകയും ചെയ്തിട്ടുണ്ട്. ഇവയുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഉണ്ട്. പ്രസ്തുത മേളയ്ക്ക് തിരുവനന്തപുരം കോർപ്പറേഷൻ വിനോദ നികുതിയിൽ ഇളവ് അനുവദിച്ചിട്ടുണ്ട്.

(ഡി) തിരുവനന്തപുരം കോർപ്പറേഷൻ വിനോദ നികുതി ഇളവ് ചെയ്തു. ഒട്ടുമിക്ക സർക്കാർ വകുപ്പുകളും മേളയിൽ പങ്കാളികളായി സഹായിച്ചിട്ടുണ്ട്. പോലീസ്, ഫയർഫോഴ്സ്, ജല അതോറിറ്റി, ടൂറിസം, പബ്ലിക്ക് റിലേഷൻസ്, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ സർക്കാർ ഏജൻസികളുടെ സേവന സഹായവും ലഭിച്ചിട്ടുണ്ട്.

**സംസ്ഥാനത്തെ മൃഗാശുപത്രികൾ**

147(1404) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര മൃഗാശുപത്രികൾ പ്രവർത്തിക്കുന്നുണ്ടെന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) ഇവിടെ എത്ര ഡോക്ടർമാർ പ്രവർത്തിക്കുന്നുണ്ടെന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി ആശുപത്രികൾ സ്ഥാപിച്ചിട്ടുണ്ടോ ; എങ്കിൽ എത്രയെണ്ണം ; എവിടെയെല്ലാം എന്ന് വ്യക്തമാക്കാമോ ;

(ഡി) പുതുതായി ആശുപത്രി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഡോക്ടർമാരുടെ എത്ര തസ്തികകളാണ് സംസ്ഥാനത്ത് നിലവിലുള്ളതെന്നും. അവയിൽ എത്ര ഒഴിവുകളാണ് നികത്താനുള്ളതെന്നും ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ ;

(ഇ) പ്രസ്തുത ഒഴിവുകൾ എത്രയും വേഗം നികത്താൻ നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തിരുവനന്തപുരം - 100
കൊല്ലം - 83
പത്തനംതിട്ട - 60
ആലപ്പുഴ - 83
കോട്ടയം - 85
ഇടുക്കി - 61
എറണാകുളം - 105
തൃശ്ശൂർ - 118
പാലക്കാട് - 99
മലപ്പുറം - 110
കോഴിക്കോട് - 89
വയനാട് - 28
കണ്ണൂർ - 92
കാസർഗോഡ് - 42

ആകെ 1155 മൃഗ ചികിത്സാ കേന്ദ്രങ്ങൾ നിലവിലുണ്ട്.

(ബി) ചീഫ് വെറ്ററിനറി ഓഫീസർമാർ, സീനിയർ വെറ്ററിനറി സർജൻമാർ എന്നിവരുൾപ്പെടെ വെറ്റിറിനറി ഡോക്ടർമാർ താഴെപ്പറയും പ്രകാരം പ്രവർത്തിക്കുന്നു:

തിരുവനന്തപുരം - 106
കൊല്ലം - 99
പത്തനംതിട്ട - 66
ആലപ്പുഴ - 93
കോട്ടയം - 94
ഇടുക്കി - 54
എറണാകുളം - 111
തൃശ്ശൂർ - 126
പാലക്കാട് - 99
മലപ്പുറം - 106

LIBRARY ARCHIVES Kerala Legislative Assembly

| | |
|---|---|
| കോഴിക്കോട് | - 88 |
| വയനാട് | - 30 |
| കണ്ണൂർ | - 84 |
| കാസർഗോഡ് | - 31 |

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 11 വെറ്ററിനറി ഡിസ്പൻസറികൾ സ്ഥാപിച്ചിട്ടുണ്ട്. കോല്ലം-കുമിൾ ചിറക്കൽ, കോട്ടയം. കോരുത്തോട്, ഇടുക്കി-ദേവികുളം മുനിയറ, തെറ്റിത്തൊഴു (രണ്ട് ഉപകേന്ദ്രങ്ങൾ അപ്ഗ്രേഡ് ചെയ്തു.) പാലക്കാട്-തെന്നൂർ, മലപ്പുറം-മുതുവല്ലൂർ, തവനൂർ, ആലപ്പുഴ-ചെറിയനാട്, തിരുവനന്തപുരം-പെരുങ്കട വിള (മൊബൈൽ ഫാം എയ്ഡ് യൂണിറ്റ് അപ്ഗ്രേഡ് ചെയ്തു). ഇതു കൂടാതെ കരുനാഗപ്പള്ളി വെറ്ററിനറി ഹോസ്പിറ്റൽ അപ്ഗ്രേഡ് ചെയ്ത് വെറ്ററിനറി പോളീക്ലിനിക്കായി ഉയർത്തി.

(ഡി) പുതുതായി ആശുപത്രി ആരംഭിക്കുന്നതിനുള്ള അപേക്ഷകൾ ഒന്നും തന്നെ നിലവിൽ പരിഗണനയിലില്ല. വെറ്ററിനറി സർജൻമാരുടെ 1154 തസ്തികകൾ സംസ്ഥാനത്ത് നിലവിലുണ്ട്. ആയതിൽ 93 ഒഴിവുകൾ നിലവിലുണ്ട്.

| | |
|---|---|
| തിരുവനന്തപുരം | - ഇല്ല |
| കൊല്ലം | - ഇല്ല |
| പത്തനംതിട്ട | - 1 |
| ആലപ്പുഴ | - ഇല്ല |
| കോട്ടയം | - 4 |
| ഇടുക്കി | - 10 |
| എറണാകുളം | - 2 |
| തൃശ്ശൂർ | - 2 |
| പാലക്കാട് | - 9 |
| മലപ്പുറം | - 16 |
| കോഴിക്കോട് | - 9 |
| വയനാട് | - 5 |
| കണ്ണൂർ | - 20 |
| കാസർഗോഡ് | - 15 |

LIBRARY ARCHIVES Kerala Legislative Assembly

ഇതിൽ 30 തസ്തികകൾ 7-11-2003-ലെ സർക്കാർ ഉത്തരവ് നമ്പർ.ജി.ഒ.(എം. എസ്.) 173/2003/എ.ഡി. പ്രകാരം നിർത്തലാക്കിയിട്ടുള്ളതാണ്.ബാക്കിയുള്ള 63 ഒഴിവുകളാണ് നികത്താനുള്ളത്. കൂടാതെ സീനിയർ വെറ്ററിനറി സർജൻമാരുടെ 21 ഒഴിവുകളും നിലവിലുണ്ട്.

(ഇ) നിലവിലുള്ള ഒഴിവുകൾ PSC-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷനിലെ ജീവനക്കാരുടെ വിശദാംശങ്ങൾ**

148(1405) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷീരവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ എന്ന സ്ഥാപനം ആരംഭിച്ചതെന്നാണ് ;

(ബി) പ്രസ്തുതസ്ഥാപനത്തിൽ 01.06.2006-ൽ എത്ര ജീവനക്കാരുണ്ടായിരുന്നുവെന്നും അതിൽ സ്ഥിരം ജീവനക്കാരെത്രയെന്നും, താൽകാലിക ജീവനക്കാരെത്രയെന്നും വെളിപ്പെടുത്തുമോ ;

(സി) ചട്ടങ്ങൾ പ്രകാരം നിലവിലുള്ള നിയമനരീതി എന്താണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇവിടെ നിന്നും എത്ര പേരെ പിരിച്ചുവിട്ടിട്ടുണ്ടെന്നും, എത്ര പേരെ പുതുതായി നിയമിച്ചുവെന്നും വ്യക്തമാക്കാമോ ;

(ഇ) പി.എസ്.സി.യുടെ അനുമതിയോടെ ആരെയെങ്കിലും സ്ഥിരപ്പെടുത്തിയിട്ടുണ്ടോ ; വിശദവിവരം ലഭ്യമാക്കാമോ ;

(എഫ്) പി.എസ്.സി.യുടെ അനുമതിയില്ലാതെ ആരെയെങ്കിലും സ്ഥിരപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ജി) 31-12-2010-ൽ പ്രസ്തുതസ്ഥാപനത്തിൽ എത്ര ജീവനക്കാരുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 1989 ഡിസംബർ 15 നാണ്.

(ബി) ഈ സ്ഥാപനത്തിൽ 1-6-2006-ൽ 23 സ്ഥിരം ജീവനക്കാരും 35 താൽക്കാലിക ജീവനക്കാരും ഉണ്ടായിരുന്നു.

(സി) 9-5-2006-ലെ ഗവൺമെന്റ് ഉത്തരവ് നമ്പർ 84/06/എ.ഡി പ്രകാരം ഈ സ്ഥാപനത്തിലെ വർക്കർ, സൂപ്പർ വൈസർ, മാനേജർ എന്നീ തസ്തികകളിൽ നേരിട്ടുള്ള നിയമനവും മറ്റെല്ലാ തസ്തികകളിലും പി.എസ്.സി. വഴിയുള്ള നിയമനവും ആണ്.

LIBRARY ARCHIVES Kerala Legislative Assembly